കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2000 മാർച്ച് 27, തിങ്കൾ

വാല്യം 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 23

നിയമസഭ 2000 മാർച്ച് മാസം 27-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി.സ്പീക്കർ :- ഓർഡർ, ഓർഡർ... ചോദ്യം *590

പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ

1 (*590) ശ്രീ. പി. രാഘവൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാൽ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കാൻ സാദ്ധ്യതയുള്ള പ്രദേശങ്ങൾ ഏതൊക്കെ എന്ന് കണ്ടു പിടിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പ്രദേശങ്ങൾ ഏതൊക്കെ എന്നു വെളിപ്പെടുത്തുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാൽ ഉത്പ്പാദന രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്താമോ ;

(ഇ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ക്ഷീര സഹകരണ സംഘങ്ങൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാനത്ത് കൂടുതൽ ക്ഷീര സഹകരണ സംഘങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്ത് പാലിന്റെ ഉൽപ്പാദനം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; വിശദാംശം വെളിപ്പെടുത്താമോ ;

(എച്ച്) പാൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലും വിപണനത്തിലും പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെ ;

(ഐ) പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കൂടുതൽ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ പാൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലും വിപണനത്തിലും പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എവിടെയൊക്കെ; വിശദാംശം വെളിപ്പെടുത്താമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ.ഇ. ചന്ദ്രശേഖരൻ നായർ) : സർ,

(എ) ഉണ്ട്.

(ബി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ ഗവൺമെന്റ് രൂപം നൽകി നടപ്പിലാക്കിവരുന്ന പ്രധാനപ്പെട്ട പദ്ധതികൾ ഇനി പറയുന്നവയാണ്.

1. അനുയോജ്യമായ ഒരു പ്രജനന നയത്തിന് രൂപം നൽകുവാനായി ഡോ. ജി. മുകുന്ദന്റെ നേതൃത്വത്തിൽ, ദേശീയ ക്ഷീരഗവേഷണ കേന്ദ്രത്തിലെ ഒരു ശാസ്ത്രജ്ഞൻ ഉൾപ്പെടുന്ന വിദഗ്ദ്ധ സമിതിയെ 18-1-1997-ൽ നിയമിച്ചു. ഈ കമ്മിറ്റി അതിന്റെ അന്തിമ റിപ്പോർട്ട് 1998 മാർച്ചിൽ ഗവൺമെന്റിന് സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ ഒരു പ്രജനന നയം നടപ്പിലാക്കുവാനുള്ള ഉത്തരവ് 10-7-1998-ൽ ഗവൺമെന്റ് പുറപ്പെടുവിച്ചു.

2. വർഗ്ഗഗുണമുള്ള ബീജം ലഭ്യമാക്കുന്നതിനായി ഡെൻമാർക്കിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിത്തുകാളകളെ കൊണ്ടുവന്നു.

3. കൃത്രിമ ബീജാധാനത്തിനുള്ള സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ ബീജാധാന കേന്ദ്രങ്ങൾ തുടങ്ങാനുള്ള പദ്ധതി ആവിഷ്ക്കരിച്ചു. ഇതിന്റെ ഭാഗമായി 1997-98-ൽ മാള കേന്ദ്രമാക്കി ഒരു ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടും 360 ബീജാധാന കേന്ദ്രങ്ങളും ആരംഭിച്ചു. 1998-99-ൽ 200 കേന്ദ്രങ്ങൾ ആരംഭിച്ചു. 75 കേന്ദ്രങ്ങൾ കൂടി പുതുതായി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

4. കൃത്രിമ ബീജസങ്കലനത്തിനായി കർഷകർ പശുക്കളെ മൃഗാശുപത്രികളിലേക്കും ബീജധാന കേന്ദ്രങ്ങളിലേക്കും കൊണ്ടുപോകുന്നതിനുപകരം, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കർഷക ഭവനങ്ങളിൽ ചെന്ന് പശുക്കളെ കുത്തിവയ്ക്കുവാനുള്ള പരിപാടി നടപ്പിലാക്കുന്നു.

5. ശാസ്ത്രീയ കുന്നുകാലി സംരക്ഷണത്തിനായി, പോഷക ഗുണമുള്ള കാലിത്തീറ്റ മിതമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിനായി പ്രതിദിനം 500 മെട്രിക് ടൺ കാലിത്തീറ്റ ഉല്പാദിപ്പിക്കുവാൻ കഴിയുന്ന ആധുനിക രീതിയിലുള്ള ഒരു ഫാക്ടറി ഗവൺമെന്റ് ഉടമയിൽ കല്ലേറ്റുങ്കരയിൽ പ്രവർത്തനം ആരംഭിച്ചു.

6. മിൽമയുടെ കീഴിൽ പട്ടണക്കാട് പ്രവർത്തിക്കുന്ന കാലിത്തീറ്റ ഫാക്ടറി ഗവൺമെന്റിന്റെ ധനസഹായത്തോടെ ആധുനീകരിച്ചു.

7. പച്ചപ്പുൽകൃഷി മെച്ചപ്പെടുത്തുന്നതിന് നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനായി 500 ഫോഡർ നഴ്സറികൾ സ്ഥാപിച്ചു.

8. പശുവിനും പശു ഉടമയ്ക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി കാമധേനു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി.

9. മൃഗ ചികിത്സ സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 9 പുതിയ മൃഗ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിച്ചു.

10. കറവക്കാരുടെ ദൗർലഭ്യം പരിഹരിക്കുവാനും പൂർണ്ണകറവ ഉറപ്പുവരുത്തുവാനുമായി മൊബൈൽ മിൽക്കിംഗ് മെഷീൻ പദ്ധതി നടപ്പിലാക്കി. ഇതിനായി തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചു.

11. ക്ഷീരകർഷകർക്ക് പാലിന്റെ ഉത്പാദനം, വിപണനം, തുടങ്ങിയ കാര്യങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനായി 16 എക്സ്റ്റെൻഷൻ സർവീസ് യൂണിറ്റുകളും 6 ക്വാളിറ്റി കൺട്രോൾ യൂണിറ്റുകളും ഒരു ഡെയറി ട്രെയിനിംഗ് സെന്ററും ആരംഭിച്ചു.

12. പാലിന്റെ വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ക്ഷീരസഹകരണ സംഘങ്ങൾ ആവശ്യമുള്ള പ്രദേശങ്ങളിലെല്ലാം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

(സി) ഇടുക്കി, വയനാട് തുടങ്ങിയ മലയോര പ്രദേശങ്ങളിൽ, പാലക്കാട്, കുട്ടനാട്, തുടങ്ങിയ നെൽകൃഷിക്ക് പ്രാമുഖ്യമുള്ള മേഖലകൾ, തെങ്ങുകൃഷി ധാരാളമുള്ള മറ്റു പ്രദേശങ്ങൾ എന്നിവയാണ് പാൽ ഉൽപ്പാദനത്തിന് സാധ്യതയേറിയ പ്രദേശങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1995-96-ന് ശേഷമുള്ള മൂന്നു വർഷക്കാലയളവിൽ 19.3 ശതമാനം വളർച്ച പാൽ ഉല്പാദനത്തിൽ അധികമായി നേടുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) 3010.

(എഫ്) ഉണ്ട്, രണ്ട് ഗ്രാമപഞ്ചായത്ത് വാർഡുകൾക്ക് ഒന്ന് എന്ന തോതിൽ പുതിയ ക്ഷീരസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ജി) (ബി) വിഭാഗത്തിന്റെ മറുപടിയിൽ ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്.

(എച്ച്) ഉണ്ട്. തിരുവനന്തപുരം, ഓച്ചിറ, കോട്ടയം, ആലത്തൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഡെയറി ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

(ഐ) ഇക്കാര്യം പരിശോധിച്ചു വരികയാണ്. തീരുമാനം കൈക്കൊണ്ടിട്ടില്ല.

ശ്രീമതി എൻ. കെ.രാധ : സർ, ഈ പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യ വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ ഇ. ചന്ദ്രശേഖരൻ നായർ) : സർ, മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് കിട്ടുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനമുണ്ട്. മറ്റ് ഗുണനിലവാരം പരിശോധിക്കുന്നത് പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെന്റാണ്. അവർക്കാണ് ഗുണനിലവാരം കുറവാണെങ്കിൽ കേസ് കൊടുക്കാനും മറ്റുമുള്ള അധികാരമുള്ളത്.

ശ്രീമതി എൻ. കെ. രാധ : സർ, പാൽ ഉൽപാദനം വർദ്ധിപ്പിക്കാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളെക്കുറിച്ച് സർക്കാർ സർവേ വല്ലതും നടത്തിയിട്ടുണ്ടോ, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഉത്തരം. പറഞ്ഞതാണ്. ഇടുക്കി, വയനാട്, തുടങ്ങിയ മലമ്പ്രദേശങ്ങൾ, നെൽകൃഷിയുള്ള പാലക്കാട്, കുട്ടനാട് പോലുള്ള പ്രദേശങ്ങൾ, തെങ്ങിൻ തോപ്പുകൾ ധാരാളമുള്ള സ്ഥലങ്ങൾ ഇവയാണ് പാൽ ഉൽപാദനം വർദ്ധിപ്പിക്കാൻ സാദ്ധ്യതയുള്ള സ്ഥലങ്ങൾ. അതിനുള്ള സ്കീം തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. വർഗ്ഗീസ് വൈദ്യർ : സർ, പാൽ ഉല്പാദനം വർദ്ധിപ്പിക്കാൻവേണ്ടി വയനാട്ടിൽ ഞങ്ങൾ വീട് വീടാന്തരം കയറിയിറങ്ങി ഒരു സർവ്വേ നടത്തി ആ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കാരാപ്പുഴ, ബാണാസുര സാഗർ ഇവിടങ്ങളിൽ ആയിരക്കണക്കിന് ഏക്കർ തരിശുഭൂമിയുണ്ട്. കൂടാതെ തോട്ടങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ വെട്ടി തരിശാക്കി. അവിടെ പുല്ല് കൃഷിക്കു ചോദിച്ചിട്ടുണ്ട്. ഇപ്പോൾ അവിടെ പാർക്കുന്ന പത്തിരുന്നൂറ് ആദിവാസികളുണ്ട് പുല്ലുകൃഷിക്ക് കിട്ടുകയാണെങ്കിൽ അവർക്ക് തൊഴിലും കൊടുക്കാം. ശാസ്ത്രീയമായി ഈ പുല്ല് എത്തിച്ചുകൊടുക്കാമെന്ന് ബ്രഹ്മഗിരി സൊസൈറ്റി സമ്മതിക്കുകയും ചെയ്തു. ഗവൺമെന്റിനോട് ഇപ്പോൾ ചോദിച്ചിട്ട് അംഗീകാരം കിട്ടിയില്ല അനുവാദം ചോദിച്ചുകൊണ്ട് ഇപ്പോൾ റവന്യൂ മന്ത്രിക്കും ജലസേചന മന്ത്രിക്കും കത്ത് കൊടുത്തിട്ടുണ്ട്. ക്യാബിനറ്റ് കൂടിയിട്ട് അനുവാദം തരികയാണെങ്കിൽ ആയിരക്കണക്കിന് കൃഷിക്കാർക്ക് പുല്ല് എത്തിച്ചുകൊടുക്കാൻ സാധിക്കും. പശുക്കൾക്കെന്തെങ്കിലും ആഹാരം വേണം. അത് മിണ്ടാപ്രാണികളാണ് അത് കൊടുക്കാനുള്ള അനുവാദം തരികയാണെങ്കിൽ വയനാട്ടിൽ പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ബഹുമാനപ്പെട്ട വൈദ്യർ ഇത്തരത്തിലുള്ള ഒരു പ്രൊപ്പോസൽ തന്നിട്ടുണ്ട്. അത് ഇറിഗേഷൻ, റവന്യൂ, ഫോറസ്റ്റ് എന്നീ ഡിപ്പാർട്ടുമെന്റുകൾ കൂടിച്ചേർന്നാണ് അംഗീകാരം തരേണ്ടത്. അത് ഇതുവരെ കിട്ടിയിട്ടില്ല. കിട്ടുന്ന മുറയ്ക്ക് അവരെ ഏൽപ്പിക്കാവുന്നതാണ്.

മി. സ്പീക്കർ : അതിന് ഒരു മീറ്റിംഗ് കൂടുന്നതായിരിക്കും നല്ലത്. അല്ലാതെ നടക്കില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

ശ്രീ. വർഗീസ് വൈദ്യർ : സർ, അഞ്ചുലക്ഷം ലിറ്റർ പാൽ കേരളത്തിൽ കുറവാണ്. തമിഴ്നാട്ടിൽ നിന്ന് ഗുണനിലവാരം കുറഞ്ഞ പാലാണ് വരുന്നത്. അതിന് നിയമപരമായ എന്തെങ്കിലും നടപടി - നിയമപരമായ നടപടിയെന്നു പറയുമ്പോൾ ടാക്സ് വല്ലതും ഈടാക്കുകയെന്നതാണ്. ആ നിലയ്ക്ക് നടപടി എടുത്താൽ ഗുണനിലവാരമുള്ള പാൽ കൊടുക്കാം. നല്ലയിനം പശുക്കളെ കൊടുത്താൽ പാലുല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, അദ്ദേഹം ഗൗരവമായ ഒരു പ്രശ്നമാണ് പറഞ്ഞിരിക്കുന്നത്. ക്വാളിറ്റിയില്ലാത്ത പാൽ വരുന്നുണ്ട്. ക്വാളിറ്റി ഇല്ലാത്ത ഇറച്ചി വരുന്നുണ്ട്. അവിടെ പാലിന്റെ പെർക്യാപ്പിറ്റാ കൺസംപ്ഷൻ കേരളത്തേക്കാൾ കുറവാണ്. പാലായാലും ശരി, ഇറച്ചിയായാലും ശരി, മുട്ടയായാലും ശരി, അവിടെ വികസനമൊക്കെ പറയുന്നുണ്ടെങ്കിലും മഹാഭൂരിപക്ഷം ആളുകളും അതൊന്നും കഴിക്കാതിരിക്കുകയായിരുന്നു. അവരുടെ പെർക്യാപ്പിറ്റാ കൺസംപ്ഷൻ കുറവായതുകൊണ്ട് അവിടുത്തെ സർപ്ലസ് മുഴുവൻ ഇങ്ങോട്ട് ഒഴുകുന്നുണ്ട്. ടാക്സേഷൻ ഫൈനാൻസ് മിനിസ്റ്റർ ആണ് നോക്കേണ്ടത്. ഇപ്പോൾ ഇറച്ചിക്കോഴിക്ക് ടാക്സ് ഉണ്ട്, പ്രോസസ്ഡ് ചിക്കന് ടാക്സ് വച്ചിട്ടുണ്ട്. അതുപോലെ ധനകാര്യമന്ത്രി പരിഗണിക്കേണ്ടകാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി : സർ, അങ്ങ് ഇവിടെ പറഞ്ഞത് 1995-96-ന് ശേഷം പാൽ ഉൽപ്പാദനത്തിന്റെ വർദ്ധനവ് 19.3 ശതമാനം കൂടിയെന്നാണ്. ഇപ്പോൾ നമുക്ക് ആവശ്യമുള്ള പാലിന്റെ 25 ശതമാനം അന്യസംസ്ഥാനങ്ങളിൽനിന്നാണ് വരുന്നത്. അപ്പോൾ ഒരു സമയബന്ധിത പരിപാടി വച്ചുകൊണ്ട് കേരളത്തിന് ആവശ്യമുള്ള മുഴുവൻ പാലും അവിടെ ഉൽപ്പാദിപ്പിക്കാനുള്ള പുതിയ നടപടിയെന്തെങ്കിലും ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അദ്ദേഹം പറഞ്ഞത് ശരിയാണ്. നമ്മുടെ ഇവിടെ പ്രൊഡക്ഷൻ വർദ്ധിക്കുന്നതിന് അനുസരിച്ച് പെർക്യാപ്പിറ്റ കൺസംപ്ഷൻ കൂടിക്കൊണ്ടിരിക്കുകയാണ്. പാലും പാലിന്റെ പ്രോഡക്ട്സും ഞാൻ വിവരിച്ചിട്ടുള്ളത് മുഴുവൻ അതിനായിട്ടാണ്. ക്വാളിറ്റി കൂട്ടാനാണ് ഇപ്പോൾ പുതിയ പ്രജനന നയം നടപ്പിലാക്കുന്നത്. ഇപ്പോൾ ആവറേജ് 6.5 ശതമാനമാണ്. സങ്കരവർഗ്ഗത്തിനുള്ളത്. അതൊരു 10 ശതമാനമെങ്കിലും ആക്കണം എന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ടിയാണ് വീടുകളിൽ പോയി കുത്തിവയ്ക്കുക എന്നുള്ള പരിപാടി ഇപ്പോൾ നടപ്പിലാക്കുന്നത്. ഇതുവരെ പശുവിനെയും കൊണ്ടു കൃഷിക്കാരൻ അവിടെ ചെല്ലണം. അതിനുപകരം മോട്ടോർ ബൈക്കിൽ അവർ വീടുകളിൽ ചെല്ലുകയാണ്, കൃഷിക്കാരുടെ ആവശ്യമനുസരിച്ച് ജനിസ് കുത്തിവയ്ക്കാം. അതുപോലെ പാലിന്റെ കാര്യത്തിൽ കൂടുതൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ വേണ്ടി മലബാർ മേഖലയിൽ 35, 40 പേർ സെന്റ് മാത്രമേയുള്ളൂ. അത് 75 എങ്കിലും ആക്കണം. അതിനുള്ള ശ്രമമാണ്. ഏകദേശം അഞ്ഞൂറിൽ കൂടുതൽ ഐ.സി.ഡി.പി. സെന്റുകൾ ഇപ്പോൾ സ്റ്റാർട്ട് ചെയ്തിട്ടുണ്ട്. രണ്ടുവർഷം കഴിയുമ്പോൾ പാൽ ഉല്പ്പാദനം 35 ലക്ഷം ലിറ്ററാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അപ്പോൾത്തന്നെ നമ്മുടെ കൺസംപ്ഷൻ കൂടിയെന്നിരിക്കും.

ശ്രീ. എം. പി. വർഗ്ഗീസ് : സർ, നമ്മുടെ സംസ്ഥാനത്ത് സർക്കാർ ഉടമയിലും, മിൽമയും നടത്തുന്ന കാലിത്തീറ്റ ഫാക്ടറികളിൽ നിന്നും സമയാസമയങ്ങളിൽ ആവശ്യമുള്ളത്ര കാലിത്തീറ്റ കിട്ടുന്നില്ല എന്ന പരാതി വ്യാപകമായിട്ടുണ്ട്. ആ കാലിത്തീറ്റ സമയത്തിന് ലഭ്യമാക്കുന്നതിനും കാലിത്തീറ്റയുടെ വിലക്കയറ്റം കുറയ്ക്കുന്നതിനുമുള്ള ഒരു നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, മാളയിലെ കാലിത്തീറ്റ ഫാക്ടറിയുടെ പ്രോഡക്റ്റിനെ സംബന്ധിച്ച് കൃഷിക്കാർക്ക് വലിയ ഡിമാന്റ് ആണ്. പക്ഷേ ദൗർഭാഗ്യം കൊണ്ടു അവിടെ വളരെ ഹൈടെക്കാണ് ഉള്ളത്. അവിടെ യന്ത്രങ്ങൾക്ക് സ്വൽപ്പം കുഴപ്പവും തീപിടിത്തവുമൊക്കെ ഉണ്ടായി. ഏതായാലും അത് പരിഹരിച്ചിട്ട്, അതിന്റെ പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്നതിനായിട്ട് ശ്രമിക്കുകയാണ്. പിന്നെ മിൽമയുടെ കാലിത്തീറ്റയും നല്ല ക്വാളിറ്റി ഉള്ളതാണ്. ഇത് രണ്ടും ക്വാളിറ്റി നല്ലതാണ്. നമ്മുടെ റിക്വയർമെന്റിന്റെ ⅔ ഭാഗവും ഈ രണ്ടു ഫാക്ടറികൾക്കും കൂടെ വീതിച്ചിരിക്കുന്നു. ഈ കാലിത്തീറ്റ എന്ന് പറയുന്നത് ഫാക്ടറി പ്രൊഡ്യൂസ്ഡ് കാലിത്തീറ്റയാണ്. അതുകൊണ്ട് പ്രശ്നം പരിഹരിക്കുകയില്ല. പ്രശ്നം പരിഹരിക്കണമെങ്കിൽ ജനകീയാസൂത്രണം വഴി പഞ്ചായത്തുകളും എല്ലാം കൂടി ചേർത്തിട്ട് പശുക്കൾക്ക് ആവശ്യമുള്ള കന്നുകാലിത്തീറ്റ നമ്മുടെ അവയ്ലബിൾ ലാന്റിൽ പരമാവധി ഉണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനെ കുറിച്ചും. അതിന്റെ സഹായങ്ങളെക്കുറിച്ചുമൊക്കെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. പല ക്ഷീരോൽപ്പാദക സംഘങ്ങളിൽ നിന്നും മിൽമപോലെയുള്ള സ്ഥാപനങ്ങൾ പാൽ കുറച്ച് കൊണ്ടുവന്നാൽ മതി ഞങ്ങൾക്ക് എടുക്കാൻ കഴിയില്ല എന്ന് പറഞ്ഞ് നിരുത്സാഹപ്പെടുത്തുകയാണ്. ഞാൻ ഒരു ക്ഷീരോൽപ്പാദന സംഘത്തിന്റെ പ്രസിഡന്റ് കൂടിയാണ്. ഞങ്ങളുടെ സംഘത്തിൽ മിൽമ അടക്കമുള്ള സ്ഥാപനങ്ങൾ പറയുന്നത് കുറച്ച് പാൽ കൊണ്ടു വന്നാൽമതി, ഞങ്ങൾക്ക് എടുക്കാൻ കഴിയില്ല. ഇവർക്കുള്ള സംഭരണശേഷി ഇല്ലാ എന്നാണ് അവർ പറയുന്നത്. അതുകൊണ്ട് ഓപ്പറേഷൻ ഫ്ളഡ് - 2 അടക്കമുള്ള വിദേശ രാജ്യങ്ങളുടെ സഹായത്തോടെയുള്ള സ്കീം, മലബാർ ഭാഗത്ത് യാതൊന്നും നടക്കുന്നില്ല. അതുകൊണ്ട് മലബാർ ഭാഗത്ത് പ്രത്യേകം ശ്രദ്ധിച്ചുകൊണ്ടു ക്ഷീരോൽപ്പാദന രംഗത്തുള്ള ഈ പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : സർ, മലബാർ യൂണിയൻ ഈ മൂന്ന് യൂണിയനിലും വെച്ച് ഏറ്റവും നല്ലതായിട്ട് നടക്കുന്ന ഒരു യൂണിയനായിട്ടാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഇപ്പോൾത്തന്നെ മലബാർ യൂണിയൻ ഈ സമ്മർ സീസണിൽ പാലിന് മിൽമ നേരത്തെ നിശ്ചയിച്ച വിലയെക്കാൾ കൂടുതൽ വില കൃഷിക്കാർക്ക് കൊടുത്ത് ഇപ്പോൾ പാൽ എടുത്തുകൊണ്ടിരിക്കുന്നു. മറ്റേ പ്രശ്നമുണ്ട്, അവരും നേരിടുന്ന ഒരു പ്രോബ്ലമാണ്. ഈ ക്വാളിറ്റി ഇല്ലാത്ത പാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നു എന്നുള്ള ഒരു പ്രശ്നം നേരിടുന്നുണ്ട്. പിന്നെ ഏതെങ്കിലും പർട്ടിക്കുലർ സൊസൈറ്റിയുടെ പാൽ എടുക്കുന്നതിന് വല്ലതടസ്സവും പറഞ്ഞിട്ടുണ്ടെങ്കിൽ, അങ്ങയുടെ സൊസൈറ്റിയുടെ കാര്യം എന്റെ ശ്രദ്ധയിൽ കൊണ്ടുവരാമെന്നുണ്ടെങ്കിൽ ഞാൻ തീർച്ചയായിട്ടും മിൽമയുടെ അവിടത്തെ യൂണിയന്റെ മാനേജിംഗ് ഡയറക്ടറേയോ, ചെയർമാനേയോ അറിയിക്കാം. അതില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, അന്യ സംസ്ഥാനങ്ങളിൽ നിന്നും അനിയന്ത്രിതമായ തരത്തിൽ പാൽ വരുന്നതിനെക്കുറിച്ച് സൂചിപ്പിച്ചു. വളരെ ആകർഷകമായ കമ്മീഷനും, വൻപിച്ച തോതിലുള്ള പരസ്യവും മറ്റ് പ്രലോഭനങ്ങളുമൊക്കെ കൊടുത്തുകൊണ്ട് കേരളത്തിൽ മിൽമയുടെ പാൽ വിറ്റഴിക്കുന്ന ഏജന്റുമാരെ വൻപിച്ച തോതിൽ പുറത്ത് നിന്ന് ഇവിടെ പാൽ കൊണ്ടുവന്ന് വിറ്റഴിക്കുന്ന കമ്പനികൾ ഇന്ന് അവരുടെ ഭാഗത്തേയ്ക്ക് കൊണ്ടു പോകുകയാണ്. മൂന്നര ശതമാനം കമ്മീഷൻ മിൽമ കൊടുക്കുമ്പോൾ 10 മുതൽ 15% വരെ കമ്മീഷനാണ് ഈ സ്ഥാപനങ്ങൾ കൊടുക്കുന്നത്. അതുകൊണ്ട് മിൽമയുടെ ഏജന്റുമാർ ഇതിന്റെ വിപണന രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു കണ്ണി എന്ന നിലയിൽ ഏജന്റുമാരെ ഈ മേഖലയിൽ തന്നെ പിടിച്ച് നിറുത്താൻ കഴിയുന്ന വിധത്തിൽ അവർക്ക് കൊടുക്കുന്ന കമ്മീഷനും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, നമ്മുടെ മുമ്പിലത്തെ വിപണനതന്ത്രം പോരാ എന്ന്, ഞാനും, മിൽമയുടെ പ്രതിനിധികളുമായിട്ടുള്ള ഡിസ്ക്കഷനിൽ അവർക്കും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. മിൽമയുടെ പല ഏജന്റുമാരേയും അവർ കുറച്ച് കൂടി പ്രലോഭനങ്ങൾ കൊടുത്തിട്ട് ഈ കമ്പനിക്കാർ അങ്ങോട്ട് കൊണ്ടുപോകുന്നുണ്ട്. അതുമാത്രമല്ല മറ്റ് ഏജൻസിസെല്ലാം വീടുകളിൽ കൊണ്ടുചെന്ന് പാൽ കൊടുക്കുന്നുണ്ട്. മിൽമയുടെ ആണെന്നുണ്ടെങ്കിൽ അവരുടെ കടയിൽ ചെന്ന് വാങ്ങിക്കൊണ്ടുവരണം. അത് മാറ്റിയിട്ട് ഒരു സ്കീം ഉണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. വീടുകളിൽ കൊണ്ടുചെന്ന് മിൽമയുടെ പാൽ എത്തിക്കാനും മിൽമയുടെ ഏജന്റുമാരെ അട്രാക്റ്റീവായിട്ട് അവിടെത്തന്നെ പിടിച്ച് നിർത്താനും ഉതകത്തക്കവിധത്തിലുള്ള ഒരു സംവിധാനം ഉണ്ടാക്കാനായിട്ട് മിൽമ ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഞങ്ങൾ ഇപ്പോൾ ഒരു ഡിസ്ക്കഷൻ കഴിഞ്ഞതാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്. ഇല്ലെങ്കിലും ഈ കോംപറ്റീഷൻ ഉണ്ട്. നമ്മൾ നിസ്സഹായരാണ്. കാരണം ഇവിടെ റെഫ്യൂസ് ചെയ്ത പല കമ്പനികൾക്കും കേന്ദ്രത്തിൽനിന്നും പെർമിഷൻ കൊടുത്തുകഴിഞ്ഞു. അതുകൊണ്ട് ഇവിടെ പാൽ കച്ചവടം നടത്താനായിട്ട് മത്സരത്തിൽകൂടെ നമ്മൾ ജയിച്ചേ പറ്റൂ.

ശ്രീ.സി.എഫ് തോമസ് : സർ, സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ഇപ്പോൾ വ്യാപകമായിട്ട് കന്നുകാലികൾക്ക് കുളമ്പ് രോഗം ഉണ്ടായിരിക്കുന്നതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതിനു അടിയന്തരമായിട്ട് പരിഹാരം ഉണ്ടാക്കുകയും മറ്റു ജില്ലകളിൽ മുൻകരുതലുകൾ സ്വീകരിക്കാനായിട്ടുള്ള നിർദ്ദേശം കൊടുക്കുകയും ചെയ്യുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, കുളമ്പ് രോഗം ഉണ്ടായി എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ നിവാരണത്തിനായിട്ട് അതിന്റെ വേറൊരു ചോദ്യത്തിനു ഉത്തരവും കൊടുത്തിട്ടുണ്ട്. വളരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നമ്മുടെ ഗവൺമെന്റിന്റെ ഫണ്ട് ഉപയോഗിച്ചിട്ട് കുത്തിവയ്പ്പ് നടത്തുന്നുണ്ട്. അതുപോലെതന്നെ നാഷണൽ ഡെയറി ഡലവപ്പ്മെന്റ് ബോർഡ്, അവരുടെ സൗജന്യമായിട്ട് കുറെയധികം കുത്തിവെയ്പ്പുകൾ നടത്തുന്നുണ്ട്. അതുപോലെതന്നെ ഇപ്പോൾ ഒരു നിരോധനമുണ്ട്. പലർക്കും പലപ്പോഴും അസൗകര്യമായിട്ട് തോന്നാറുണ്ടെങ്കിലും ഈ പശുക്കളുടെ പ്രദർശനങ്ങളൊക്കെ തൽക്കാലം നിറുത്തിവയ്ക്കണമെന്ന് പറഞ്ഞിരിക്കുകയാണ്. അന്യ സംസ്ഥാനത്തു നിന്നും അറുക്കാനൊക്കെ കൊണ്ടുവരുന്ന കന്നുകാലികളിൽ നിന്നുമാണ് കുളമ്പുരോഗം പകർന്നത്. ഇത് വളരെ വേഗത്തിൽ സ്പ്രെഡ് ചെയ്യുന്നതുമാണ്.

ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, ഈ സംഘങ്ങളിൽ നിന്നും മിൽമ സംഭരിക്കുന്ന പാൽ ചില്ലിംഗ് പ്ലാന്റിൽ കൊണ്ടുപോയതിന് ശേഷം ദിവസങ്ങൾ കഴിഞ്ഞ ശേഷമാണ് അതിന്റെ എസ്.എൻ. എഫും ഫാറ്റുമൊക്കെ കണക്കാക്കി സംഘങ്ങളെ അറിയിക്കുന്നത്. പലപ്പോഴും ബാരൽ കണക്കിന് പാൽ കേടുവന്നു എന്ന വിവരമാണ് സംഘങ്ങളെ അറിയിക്കാറുള്ളത്. ഒരു വലിയ നഷ്ടം സംഘങ്ങൾ ഇതുകൊണ്ട് നേരിടുകയാണ്. അതുകൊണ്ട് സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന പാലിന്റെ എസ്.എൻ.എഫും ഫാറ്റും പിന്നെ ഗുണമേന്മയൊക്കെ അവിടെവച്ച് തന്നെ പരിശോധിച്ച് സംഭരിക്കുന്നതിനുവേണ്ടി മിൽമ ആവശ്യമായ സംവിധാനങ്ങൾക്ക് രൂപം നൽകാൻ ഗവൺമെന്റ് നിർദ്ദേശം നൽകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, മിൽമ എന്ന് പറയുന്നത് ഒരു ഗവൺമെന്റ് ഏജൻസിയല്ല. ഈ പറയുന്ന പ്രൈമറി സംഘങ്ങളുടെ ഒരു ഫെഡറേഷനാണ്. ഇതിന് ജനറൽ ബോഡിയുണ്ട്. മീറ്റിംഗുകൾ ഉണ്ട്. പീരിയോഡിക്കലായിട്ട് മീറ്റിംഗ് ഉണ്ട്. തീർച്ചയായിട്ടും ഈ പ്രശ്നങ്ങൾ ആ മിൽമയുടെ തന്നെ ജനറൽ ബോഡിയിലൊക്കെ ഉന്നയിച്ച് അവരെക്കൊണ്ട് പരിഹാരം കാണുകയാണ് ചെയ്യുന്നത്. ഏതായാലും മെമ്പർ പറഞ്ഞ വല്ല പരാതിയും ഉണ്ടെന്നുണ്ടെങ്കിൽ ഡെയറി ഡയറക്ടറെക്കൊണ്ട് അത് അന്വേഷിച്ചിട്ട് അതിനെ എങ്ങനെയാണ് കൂടെക്കൂടെ എഫക്ടീവ് ആക്കുന്നത് എന്നുള്ളതിനെ സംബന്ധിച്ച് നിർദ്ദേശങ്ങൾ ചർച്ച ചെയ്യാം.

ശ്രീ. എം. മുരളി : സർ, നമ്മുടെ ക്ഷീരകർഷകരാണ് ഈ ക്ഷീരോൽപ്പാദന രംഗത്ത് കേരളം ഇപ്പോൾ കൈവരിച്ചിരിക്കുന്ന ഈ മുന്നേറ്റത്തിന്റെ ആളുകൾ. അതോടൊപ്പം തന്നെ നമ്മുടെ സഹകരണമേഖലയും നിരന്തരമായി ഉന്നയിക്കുന്ന ഒരു ആവശ്യമാണ് ക്ഷീര കർഷകർക്ക് മിൽമയുമായി കോർത്തിണക്കി കൊണ്ട് ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കുക എന്നത്. അടിസ്ഥാന സൗകര്യം ഏർപ്പെടുത്താൻ വലിയ ചെലവൊന്നും ഉണ്ടാകുകയില്ല. പ്രത്യേക ബോർഡൊന്നും വേണ്ട. മിൽമയുമായി ബന്ധപ്പെട്ടുകൊണ്ട് കേരളത്തിലെ ക്ഷീരകർഷകർക്ക് ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, മിൽമയുടെ ചെയർമാനും, എം.ഡിയും ഈ അടുത്ത ദിവസങ്ങളിൽ ഞങ്ങൾ ഒരു ഡിസ്ക്കഷൻ നടത്തിയപ്പോൾ അവർ ഇതിനൊരു പ്രോജക്റ്റ് ഉണ്ടാക്കി കൊണ്ടിരിക്കുകയാണെന്ന് പറഞ്ഞു. പ്രോജക്റ്റ് ഉണ്ടാക്കിയതിന് ശേഷം ഗവൺമെന്റ് അതിനെക്കുറിച്ച് അറിയിക്കാം.

ശ്രീ.ടി.കെ.ബാലൻ : സർ, കേരളത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ ഗുണമേന്മയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചു. പക്ഷേ ഇന്ന് മാർക്കറ്റിൽ ലഭിക്കുന്ന സംസ്ഥാനത്തിന്റെ പുറത്ത് നിന്ന് വരുന്ന കാലിത്തീറ്റകൾ ഗുണമേന്മയുടെ കാര്യത്തിൽ വളരെ പുറകോട്ടാണ്. അതുകൊണ്ട് ക്വാളിറ്റി കൺട്രോൾ ശക്തിപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഈ ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ.ഇ.ചന്ദ്രശേഖരൻനായർ : സർ, ഇന്ന് നിലവിലുള്ള സ്റ്റാറ്റ്യൂട്ട് അനുസരിച്ച് അല്ലെങ്കിൽ വിഭജനങ്ങൾ അനുസരിച്ചിട്ട് ഈവക കാര്യങ്ങളൊക്കെ പരിശോധിക്കാനോ അല്ലെങ്കിൽ ആക്ഷൻ അതിൽമേൽ എടുക്കാനും ഡെയറി ഡിപ്പാർട്ടുമെന്റിന് പവ്വേഴ്സില്ല. പല ഡിപ്പാർട്ടുമെന്റിലാണ്, ഇതിന്റെ പരിശോധനാ ഉദ്യോഗസ്ഥൻമാർ വേറെ ഡിപ്പാർട്ടുമെന്റിലാണ്. ഇങ്ങനെ കിടക്കുന്നതുകൊണ്ട് പ്രയാസങ്ങൾ ഉണ്ട്. എന്തായാലും ഇപ്പോൾ ത്രിതല പഞ്ചായത്തുകൾ വന്നതുകൊണ്ട്, എന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ ഈ പഞ്ചായത്തുകൾക്ക് ഈ ഉദ്യോഗസ്ഥൻമാരെ വിട്ടുകൊടുക്കാമെങ്കിൽ ജനഹിതമനുസരിച്ച് തീർച്ചയായിട്ടും ഇങ്ങനെ വല്ല സ്പ്യൂറിയസ്സായിട്ടുള്ള മിൽക്കോ മറ്റോ വന്ന് കഴിഞ്ഞാൽ അവർക്ക് പരിശോധിച്ച് കേസെടുക്കാം. കാലിത്തീറ്റയും നോക്കാവുന്ന അധികാരം കൊടുക്കാവുന്നതേയുള്ളൂ. അത് പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.കെ.എ.ചന്ദ്രൻ : സർ, ഇന്ന് പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഏറ്റവും കൂടുതൽ ഭീഷണിയായിട്ടുള്ളത് അയൽസംസ്ഥാനത്ത് നിന്നും വരുന്ന പാൽ തന്നെയാണ്. അത് ബഹുമാനപ്പെട്ട മന്ത്രിക്കും ഡിപ്പാർട്ടുമെന്റിനും അറിയാഞ്ഞിട്ടല്ല. പരിഹാരവും മന്ത്രിക്കും ഡിപ്പാർട്ടുമെന്റിനും അറിയാം. പക്ഷേ മടികൂടാതെ നടപ്പാക്കണം. ഈ അയൽ സംസ്ഥാനത്ത് സംഭരിക്കുന്ന പാലിന് വില കുറവാണ്. അത് ഇങ്ങോട്ട് വരുമ്പോൾ അതിന് സെസ് ചുമത്തുക എന്നുള്ളത് ഒരു ന്യായമായ നിയന്ത്രണമാണ്. അത് ചെയ്യേണ്ടത് ധനകാര്യ വകുപ്പുമന്ത്രിയായിരിക്കും. മടിച്ച് നിൽക്കേണ്ട കാര്യമില്ല. മടിച്ച് നിന്നാൽ ഉണ്ടാകുന്ന സ്ഥിതി ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്. അനധികൃതമായി പാൽ കൊണ്ടുവരുന്നതുമൂലം ഇവിടേയ്ക്ക് നേരെ നടത്തുന്ന സംഘങ്ങൾ ഇല്ലാതാകും, കർഷകരും ക്ഷീണിക്കും. പിന്നെ ഗുണമേന്മ ഇല്ലാത്തപാലാണ് മിക്ക ഇടത്തും വരുന്നത്. ഇത് മൊബൈൽ സ്കാഡ് വച്ച് പരിശോധിക്കാനും ഒരു നിയന്ത്രണം ഏർപ്പെടുത്താനും തയ്യാറാകണം. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഉള്ളതല്ലേ ? ഇതിന് അടിയന്തിരമായി ഒരു പ്രായോഗിക നടപടി സ്വീകരിക്കാൻ മുന്നോട്ട് വരുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, അദ്ദേഹം പറഞ്ഞ അഭിപ്രായങ്ങളോടൊന്നും എനിക്ക് വിയോജിപ്പില്ല. പ്രായോഗികമായി നടപ്പിലാക്കുന്നതിനുള്ള വൈഷമ്യങ്ങളാണ് മൊബൈൽ സ്കാഡ് ഉണ്ടാക്കിയാലും സ്റ്റാറ്റ്യൂട്ട് അനുസരിച്ച് ഡയറി ഡിപ്പാർട്ടുമെന്റിൽ ആക്ഷൻ എടുക്കാനുള്ള പവേഴ്സ് ഇല്ല. ഇതാണ് കുഴപ്പം. ഇങ്ങോട്ട് വരുന്നതിന് ചിക്കനൊക്കെ ഉള്ളതുപോലെ ഒരു ടാക്സേഷൻ പ്രൊപ്പോസൽ ആണ് പറയുന്നത്. ടാക്സേഷന്റെ അധികാരം ധനകാര്യ മന്ത്രിക്കാണ്. ഏതായാലും ഈ നിർദ്ദേശം അദ്ദേഹം പരിഗണിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു.

മി. സ്പീക്കർ : ചോദ്യം 591

ട്രാഫിക് വാർഡന്മാർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി

2 (*591) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും സുഗമമായ ഗതാഗതത്തിനുമായി "ട്രാഫിക് വാർഡൻ"മാർ നടത്തുന്ന സേവനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം നഗരങ്ങളിൽ ട്രാഫിക് വാർഡൻമാരുടെ സേവനം ഗതാഗത നിയന്ത്രണത്തിനായി സർക്കാർ ഉപയോഗപ്പെടുത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് എത്ര മെയിൻ ട്രാഫിക് വാർഡൻമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്; എത്ര ഫീമെയിൽ ട്രാഫിക് വാർഡൻമാർ സേവനം അനുഷ്ഠിക്കുന്നുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) ഇപ്രകാരം സേവനമനുഷ്ഠിക്കുന്ന ട്രാഫിക് വാർഡൻമാർക്ക് എന്തെല്ലാം സാമ്പത്തിക ആനുകൂല്യങ്ങളും അലവൻസുകളും സർക്കാർ നൽകുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly